2025 മെയ് 28 ന് ബുധനാഴ്ച രാവിലെ 11.30 മണിക്ക് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനെക്സ് II ലയം ഹാളിൽ വെച്ച് ചേർന്ന കിലയുടെ പതിനാലാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്.

കില ഗവേർണിംഗ് കൗൺസിൽ ചെയർപേഴ്സണും ബഹു. തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. എം. ബി. രാജേഷ് അധ്യക്ഷത വഹിച്ചു.

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)

1	ശ്രീ. പുനീത് കുമാർ ഐ.എ.എസ് അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്	മെമ്പർ
2	ഡോ. അദീല അബ്ദുള്ള ഐ.എ.എസ് സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്	
3	ഡോ. ചിത്ര. എസ് ഐ.എ.എസ് പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്	മെമ്പർ
4	ഡോ. ദിനേശൻ ചെറുവാട്ട് ഐ.എ.എസ് ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയം ഭരണ വകുപ്പ്	മെമ്പർ
5	ശ്രീ. സൂരജ് ഷാജി ഐ.എ.എസ് ഡയറക്ടർ (അർബൻ), തദ്ദേശ സ്വയം ഭരണ വകുപ്പ്	മെമ്പർ
6	ശ്രീ. ശ്രീനി. ജി അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.	മെമ്പർ
7	ശ്രീ. എം. കൃഷ്ണദാസ് ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ & ചെയർമാൻ, ഗുരുവായൂർ മുനിസിപ്പാലിറ്റി, തൃശ്ശൂർ	മെമ്പർ
8	ശ്രീ. ബി. പി. മുരളി, പ്രസിഡണ്ട്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ	മെമ്പർ
9	ശ്രീ. രാജേശ്വരി കെ.യു പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ & ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് – (ഓൺലൈൻ)	മെമ്പർ
10	ഡോ. ജ്യോതിസ് സത്യപാലൻ പ്രൊഫസ്സർ, NIRD&PR, ഹൈദരാബാദ് (NIRD&PR പ്രതിനിധി) – (ഓൺലൈൻ)	മെമ്പർ
11	ശ്രീ. നിസാമുദ്ദീൻ.എ, ഐ.എ.എസ് ഡയറക്ടർ ജനറൽ, കില	മെമ്പർ

തീരുമാനങ്ങൾ

ഐറ്റം നമ്പർ 01:

2024 സെപ്തംബർ 28 ന് രാവിലെ 11.30 മണിക്ക് ബഹു. തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കില ആസ്ഥാന മന്ദിരത്തിലെ ബൽവന്തറായ് മേത്ത ഹാളിൽ വെച്ച് കൂടിയ കിലയുടെ പതിമൂന്നാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കൽ:

തീരുമാനം :

അംഗീകരിച്ചു

ഐറ്റം നമ്പർ 02:

മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിൽ എടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ

മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികൾ കില ഡയറക്ടർ ജനറൽ യോഗത്തിൽ അവതരിപ്പിച്ചു

തീരുമാനം :

മുൻ ഗവർണിങ്ങ് കൗൺസിൽ യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ കമ്മിറ്റി വിലയിരുത്തി തൃപ്തി രേഖപ്പെടുത്തി.

കില കോളേജ് ഓഫ് ഡിസെൻട്രലൈസേഷൻ ആൻറ് ലോക്കൽ ഗവേർണൻസിൽ പുതിയ കോഴ്സുകൾ (കാലാവസ്ഥ വ്യതിയാനം, ദുരന്തനിവാരണം, മാലിന്യമുക്തം) കില കൊട്ടാരക്കര സെന്ററിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ തീരുമാനിച്ചു. കാലിക പ്രസക്തിയുള്ള വിഷയങ്ങൾ ആയതിനാൽ യൂണിവേഴ്സിറ്റികളുമായി ചേർന്ന് ടി കോഴ്സുകൾ നടത്തുന്നതിന്റെ സാധ്യത കൂടി പരിശോധിക്കുന്നതിനും തീരുമാനിച്ചു

ഐറ്റം നമ്പർ 03:

കിലക്ക് ദേശീയ തലത്തിൽ ലഭിച്ച അംഗീകാരങ്ങൾ

തീരുമാനം :

തുടർച്ചയായി രണ്ടാം വർഷവും ദേശീയ പഞ്ചായത്ത് ക്ഷമതാ നിർമ്മാൺ സർവോത്തം സൻസ്ഥാൻ പുരസ്കാരവും കേന്ദ്ര കപ്പാസിറ്റി ബിൽഡിംഗ് കമ്മീഷന്റെ അക്രഡിറ്റേഷനും ലഭിച്ച കിലയെ ചെയർമാനും ഗവേർണിംഗ് കൗൺസിലും അഭിനന്ദനങ്ങൾ അറിയിച്ചു

ഐറ്റം നമ്പർ 04:

2025-26 വർഷത്തെ കിലയുടെ വാർഷിക പദ്ധതിയും ബഡ്ജറ്റ് എസ്റ്റിമേറ്റും

തീരുമാനം :

അംഗീകരിച്ചു.

RGSA ഫണ്ട് എത്രയും വേഗം കിലയ്ക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ പ്ലാൻ ഫണ്ട് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിനോട് ചെയർമാൻ നിർദ്ദേശിച്ചു. ഫണ്ട് ലഭ്യമാക്കി പരിശീലനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനും ചെയർമാൻ നിർദ്ദേശിച്ചു

ഐറ്റം നമ്പർ 05:

കിലയുടെ 2024-25 സാമ്പത്തിക വർഷത്തിലെ പ്രവർത്തന റിപ്പോർട്ട്

തീരുമാനം :

അംഗീകരിച്ചു.

ഐറ്റം നമ്പർ 06:

കില ആസ്ഥാനത്ത് കില കോളേജ് ഓഫ് ഡീസെൻട്രലൈസേഷൻ ആൻഡ് ലോക്കൽ ഗവേണൻസിനായി പുതിയ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ പദ്ധതികൾക്കുള്ള തുക കണ്ടെത്തുന്നത് സംബന്ധിച്ച്

തീരുമാനം :

കോളേജ് കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ പദ്ധതികൾക്കുള്ള തുക കിഫ്ബി, സി.എസ്.ആർ ഫണ്ട്, സ്പോൺസർഷിപ്പ് തുടങ്ങിയ മാർഗങ്ങളിലൂടെ കണ്ടെത്തുന്നതിനും, കെട്ടിട നിർമ്മാണവും മറ്റ് അനുബന്ധ ജോലികളും സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്നതിനു അനുവദിച്ചു.

ഐറ്റം നമ്പർ 07:

കില കിഫ്ബി പ്രോജക്ട് - 2024-25 വർഷത്തെ പദ്ധതി നിർവ്വഹണം

തീരുമാനം :

പൊതുവിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന നടത്തുന്ന കിലയുടെ പ്രവർത്തനങ്ങളിൽ കൈവരിച്ച പുരോഗതിയിൽ ഗവേർണിംഗ് കൗൺസിൽ സംതൃപ്തി രേഖപ്പെടുത്തി

ഐറ്റം നമ്പർ 08:
കിലയിലെ ഉദ്യോഗസ്ഥരുടെ സാമ്പത്തിക അധികാരങ്ങൾ
തീരുമാനം :
സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ 09:
കിലയും മറ്റ് സ്ഥാപനങ്ങളുമായുള്ള സഹകരണം, ധാരണാപത്രം ഒപ്പുവെക്കുന്നത് സംബന്ധിച്ച്

(എ). കിലയും ബെൽജിയം ആസ്ഥാനമായുള്ള UN University's Comparative Regional Integration Studies (UNU-CRIS), ദക്ഷിണ ആഫ്രിക്കയിലെ ഡർബൻ സിറ്റി, മുനിസിപ്പൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേർണിംഗ് എന്നീ സ്ഥാപനങ്ങളുമായി ധാരണാ പത്രത്തിൽ ഒപ്പുവെക്കുന്നത് സംബന്ധിച്ച്

തീരുമാനം:
തത്വത്തിൽ അംഗീകരിച്ചു. MEA, MHA എന്നിവയുടെ അനുമതി നേടേണ്ടതുണ്ടെങ്കിൽ ആയത് കൂടി പരിശോധിച്ച് നടപടികൾ പൂർത്തീകരിച്ച് MoU ഒപ്പിടുന്നതിന് കൗൺസിൽ അംഗീകാരം നൽകി.

(ബി). കിലക്ക് കീഴിൽ കോർപ്പറേറ്റ് പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യത - സംബന്ധിച്ച്

തീരുമാനം:
കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പരിശീലനങ്ങളെ ഒരു തരത്തിലും ബാധിക്കാത്ത രീതിയിൽ കിലയുടെ കീഴിൽ കോർപ്പറേറ്റ് പരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചു.

(സി) കപ്പാസിറ്റി ബിൽഡിംഗ് കമ്മീഷനും മിഷൻ കർമ്മയോഗി ഭാരതുമായി സഹകരിച്ചു തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം:
കപ്പാസിറ്റി ബിൽഡിംഗ് കമ്മീഷനും മിഷൻ കർമ്മയോഗി ഭാരതുമായി സഹകരിച്ചു കിലയുടെ പ്രവർത്തനങ്ങൾ ദേശീയ അന്തർദേശീയ തലത്തിൽ മികവുറ്റതാക്കുന്നതിനു തീരുമാനിച്ചു
ദേശീയതലത്തിൽ കൂടി ഓൺലൈൻ കോഴ്സുകൾ വിപുലീകരിക്കുന്നതിന് ഹിന്ദിയിൽ കൂടി കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. ഇതിനായി NIRD&PR ലെ ഒഫീഷ്യൽ ലാംഗ്വേജ് സെക്ഷന്റെ സഹായം തേടുന്നതിനും തീരുമാനിച്ചു. ആവശ്യമായ വരുന്ന മുറയ്ക്ക് ഹിന്ദിയിൽ പരിജ്ഞാനമുള്ള ഫാക്കൽറ്റികളെ താത്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും തീരുമാനിച്ചു

ഐറ്റം നമ്പർ 10:
കില - ഹെഡ് ക്വാർട്ടേഴ്സ് - താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ/തസ്തിക സൃഷ്ടിക്കൽ എന്നിവ സംബന്ധിച്ച്
തീരുമാനം:
സർക്കാരിലേക്ക് പ്രൊപോസൽ നൽകുന്നതിന് തീരുമാനിച്ചു

ഐറ്റം നമ്പർ 11:
കില ഹെഡ്ക്വാർട്ടേഴ്സ് ജീവനക്കാർക്ക് സ്റ്റാഫ് വെൽഫെയർ ഫണ്ട് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ

തീരുമാനം:
കില ഹെഡ്ക്വാർട്ടേഴ്സ് ജീവനക്കാർക്ക് സ്റ്റാഫ് വെൽഫെയർ ഫണ്ട് രൂപീകരിക്കുന്നതിനുള്ള MoA സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ 12:
അധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ
കിലയിലെ ജീവനക്കാർക്ക് NPS നടപ്പിലാക്കുന്നതിനുള്ള തീരുമാനം പുനഃ പരിശോധിക്കണമെന്ന് കൗൺസിൽ അംഗം ശ്രീ. കൃഷ്ണദാസ് ആവശ്യപ്പെട്ടു. നിലവിലുള്ള സാഹചര്യം കില ഡയറക്ടർ ജനറൽ വിശദീകരിച്ചു.

തീരുമാനം:
വിശദമായ ചർച്ചയെ തുടർന്ന് ജീവനക്കാരുടെ NPS, EPF, GPF, Grativity Scheme, Kila Pension തുടങ്ങി വിവിധ വിഷയങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സർക്കാരിലേക്ക് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

യോഗം 12.30 PM ന് അവസാനിച്ചു

9/06/25

എം. ബി. രാജേഷ്
തദ്ദേശ സ്വയംഭരണ, എക്സൈസ്,
പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി &
ചെയർപേഴ്സൺ, കില ഗവേർണിംഗ് കൗൺസിൽ